എംപ്ലോയ്മെൻറാഫീസുകൾ

*൪൫. (൧) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തു് എത്ര എംപ്ലോയ്മെൻറാഫീസുകൾ ഉണ്ടു്;

(ബി) എവിടെയെല്ലാം;

(സി) കൊല്ലം, കോട്ടയം, തിരുവനന്തപുരം എന്നീ ഡിസ്ട്രിക്കുകളിലേയ്ക്കു തിരുവനന്തപുരത്തുള്ള ഒരാഫീസു് മാത്രമെ ഉള്ളൂ എന്നുള്ള വസ്തുത പരമാർത്ഥമാണോ?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ):

(എ) രണ്ടു്.

(ബി) തിരുവനന്തപുരത്തും എറണാകുളത്തും.

(സി) പരമാർത്ഥമാണു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: തിരുവനന്തപുരം, കൊല്ലം, കോട്ടയം ഈ ഡിസ്ട്രിക്ടുകളിലേക്കു് ഒരു ആഫീസു് മാത്രമെയുള്ളുവെന്നും, അതു് വളരെ അസൗകര്യമായതുകൊണ്ടു്, ആലപ്പുഴെ ഒരു എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് ആഫീസു് സ്ഥാപിച്ചുകിട്ടണമെന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഉണ്ടു്; ആലപ്പുഴെ ഒരു ആഫീസു് സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. കെ. രാമചന്ദ്രൻ: എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൻെറ ഉദ്ദേശം വിമുക്തഭടന്മാർക്കു സഹായങ്ങൾ ചെയ്യണമെന്നുള്ളതല്ലേ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അതുമുണ്ടു്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ ആഫീസുകളുടെ, ഫർണിച്ചർ മുതൽ ഫൻർസ് വരെയുള്ള ചെലവു് ഈ ഗവൺമെൻറാണോ, സെൻട്രൽ ഗവൺമെൻറാണോ വഹിച്ചതു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: സെൻട്രൽ ഗവൺമെൻറാണു്. ഈ ഗവൺമെൻറ് ഒരു ഏജൻസി എന്നുള്ള വ്യവസ്ഥയിലാണു് പ്രവർത്തനം നടത്തുന്നതു്.

ശ്രീ. കെ. രാമചന്ദ്രൻ: എസ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽനിന്നും ഏതെങ്കിലും തുക എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് ആഫീസുകളിലേക്കു ചെലവാക്കിയിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഉണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് മുഖേന ഇതേവരെ എത്രപേർക്കു് ജോലികൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: സൂക്ഷ്മമായി ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. എങ്കിലും ഏകദേശം എണ്ണൂറോളം പേർവരും എന്നാണു് എൻെറ ഓർമ്മ.

ശ്രീ. ടി. വി. ഈപ്പു: എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് നിയമനങ്ങൾ നടത്തുന്നതു് ഏതു് അടിസ്ഥാനത്തിലാണെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അതു് വിദ്യാഭ്യാസയോഗ്യതയും മറ്റും കൂടിനോക്കിയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. ഇയ്യു: എസ്. പി. ഡബ്ളിയു. ആർ. ഫണ്ടിൽനിന്നു് എംപ്ലോയിമെൻറു് എക്സ്ചേഞ്ചിലേക്കു് കൊലവാക്കുവാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നോട്ടീസുവേണം.

ശ്രീ. സി. വി. ഇയ്യു: അലപ്പുഴെ എംപ്ലോയിമെൻറു് എക്സ്ചേഞ്ചു് ആഫീസു് സ്ഥാപിക്കുമ്പോൾ, ഇപ്പോൾ എറണാകുളത്തുള്ള ആഫീസു് തിരുവനന്തപുരത്തേക്കു് മാറ്റി സ്ഥാപിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അതു് അപ്പോൾ ആലോചിക്കാം.

INDUSTRIAL COMPANIES

*59. [8] **Sri. Paul Thaliat:** Will the hon. Minister for Industries be pleased to state.—

(*a*) whether the Government have received a report from Sri. Kasturbhai Lalbhai regarding the working of the State-aided and State owned industrial companies in the State;

(*b*) if so, the main recommendations in the report regarding the future working of such companies;

(*c*) whether such recommendations have all been accepted by the Government;

(*d*) if not the recommendations not accepted; and

(*e*) the reasons for not accepting them?

Minister for Industries, and Labour **(Sri. P. K. Krishnankutty Menon):**

(*a*) Yes;

(*b*) The main recommendations in the report are given in the Press Note dated 21st June 1951;

(*c*) Government have constituted a Committee consisting of the Finance Secretary to Government, the Development Secretary to Government and the Commissioner of Civil Supplies for the administrative control of Government-owned concerns. The other recommendations of Sri. Kasturbhai are under the consideration of Government.

(*d*) & (*e*) These questions do not arise in view of answer to (*c*).

ശ്രീ. പോൾ തളിയത്തു്: ഈ റക്കമെൻറേഷൻസു് ഗവൺമെൻറിൻെറ കൈവശം കിട്ടിയിട്ടു് എത്ര കാലമായി?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അധികം കാലമായിട്ടില്ല. കഴിഞ്ഞ ഏപ്രിൽ മാസത്തിലാണു്.

ശ്രീ. പോൾ തളിയത്തു്: അതിനുശേഷം അതിന്മേൽ എന്തു് നടപടി നടത്തിയെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്. എല്ലാ ഗ്രൂപാർശകളും ആലോചിച്ചു തിരുമാനിച്ചു ശേഷം അടുത്ത ഭാവിയിൽത്തന്നെ നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെൻറിൻെറ വിചാരം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏതെല്ലാം വിദേശ കമ്പനികൾക്കു് ധനസഹായം ചെയ്യുന്നുണ്ടു്?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഒരു വിദേശ കമ്പനിക്കും ധനസഹായം നല്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly